പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2204 — 4.11.2019 ൽ മറുപടിയ്ക്ക്

# അംഗപരിമിതർക്ക് ഇലക്ട്രോണിക് വീൽചെയർ

ചോദ്യം — മറുപടി

ശ്രീ.എം. സ്വരാജ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്വന്തമായി നടക്കാൻ സാധിക്കാത്ത അംഗപരിമിതർക്ക് ഇലക്ട്രോണിക് വീൽചെയർ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (എ) & (ബി) ഉണ്ട്. സ്വന്തമായി നടക്കാൻ സാധിക്കാത്ത ഭിന്നശേഷിക്കാർക്ക് സർക്കാർ സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ഇലക്ട്രോണിക് വീൽചെയർ ഉൾപ്പെടെയുള്ള സഹായ ഉപകരണ വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഇലക്ട്രോണിക് വീൽചെയർ വിതരണത്തിനു മാത്രമായി 'ശുഭയാത്ര' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>40 വയസ്സിനു മുകളിൽ ചലന പരിമിതിയുള്ള സ്ഥിര ഭിന്നശേഷിക്കാരും, മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ഇലക്ട്രോണിക് വീൽചെയർ സ്വന്തമായി പ്രവർത്തിക്കാൻ കഴിയുമെന്ന് വിദഗ്ദ്ധ ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്നവരും 8 വർഷത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ വീൽചെയർ/സ്കൂട്ടർ ലഭിച്ചിട്ടില്ലാത്തവരുമായ വരെയാണ് ടി പദ്ധതിയിൽ പരിഗണിക്കുന്നത്. |

Jasmin Thomas

സെക്ഷൻ ഓഫീസർ